# Deepika

# 25 August 2018

# Kochi; Flood, Drinking, Fishermen, Disaster Management



ചെല്ലാനം കണ്ടക്കടവ് സംഘത്തിന്റെ നേതൃത്വത്തിൽ പ്രളയക്കെടുതിയിൽപ്പെട്ടവരെ രക്ഷിച്ച മത്സ്യത്തൊഴിലാളികൾക്ക് ചെല്ലാനത്ത് നൽകിയ സ്വീകരണത്തോടനുബന്ധിച്ചു നടത്തിയ സമ്മേളനം കെ.വി. തോമസ് എംപി ഉദ്ഘാടനം ചെയ്യുന്നു.

## രക്ഷാപ്രവർത്തനത്തിലേർപ്പെട്ട ചെല്ലാനത്തെ മത്സ്യത്തൊഴിലാളികളെ ആദരിച്ചു

**തോപ്പുംപടി:** പ്രളയക്കെടുതിയിൽപ്പെട്ടവരെ രക്ഷപ്പെടുത്താൻ മുന്നിട്ടിറങ്ങിയ ചെല്ലാനത്തെ മത്സ്യത്തൊഴിലാളികളെ ആദരിച്ചു. ചെല്ലാനം കണ്ടക്കടവ് സംഘത്തിന്റെ നേതൃത്വത്തിലാണ് രക്ഷാപ്രവർത്തനത്തിനിറങ്ങിയ സംഘത്തിലെ അംഗങ്ങളായ 130 മത്സ്യത്തൊഴിലാളികളെ ആദരിച്ചത്. ചെല്ലാനം സെന്റ് ജോർജ് പാരീഷ് ഹാളിൽ നടന്ന ചടങ്ങ് കെ.വി. തോമസ് എംപി ഉദ്ഘാടനം ചെയ്തു. കടലിലെ കരുത്ത് കരയിലും കാണിച്ചവരാണ് മത്സ്യത്തൊഴിലാളികളെന്ന് ചടങ്ങ് ഉദ്ഘാടനം ചെയ്തു കൊണ്ട് അദ്ദേഹം പറഞ്ഞു.

സ്വന്തം സഹോദരങ്ങളുടെ ജീവൻ രക്ഷപ്പെടുത്താൻ നടത്തിയ ശ്രമം എല്ലാവരും അംഗീകരിച്ചു കഴിഞ്ഞു. പ്രളയക്കെടുതിയിൽപ്പെട്ടവർ സ്തംഭിച്ചു നിൽക്കുമ്പോൾ പ്രതിഫലമൊന്നും പ്രതീക്ഷിക്കാതെ തങ്ങളുടെ വള്ളവുമെടുത്ത് ദുരിതഭൂമിയിലേക്ക് ഇറങ്ങിയവരാണിവർ. അവരുടെ നിസ്തുലമായ സേവനം കൊണ്ടാണ് നൂറുകണക്കിന് ജീവൻ രക്ഷിക്കാനായത്.

രക്ഷാപ്രവർത്തനത്തിനിറങ്ങിയ മത്സ്യത്തൊഴിലാളികളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്ന രീതിയിൽ കടൽഭിത്തിയും പുലിമുട്ടും നിർമിച്ച് അവരെ സഹായിക്കാനായി സർക്കാർ സംവിധാനം ഒരുക്കണമെന്നും എംപി ആവശ്യപ്പെട്ടു. സംഘം പ്രസിഡന്റ് പി.വി. വിൽസൺ അധ്യക്ഷത വഹിച്ചു.

മുൻ മേയർ ടോണി ചമ്മണി, ഫാ. സാംസൺ ആഞ്ഞിലിപ്പറമ്പിൽ, ഫാ. അലക്സ് കൊച്ചിക്കാരൻവീട്ടിൽ, ഫാ. സെബാസ്റ്റ്യൻ കരുമാഞ്ചേരി, കണ്ണമാലി എസ്ഐ ജിൻസൺ ഡൊമിനിക്, ഷിജി തയ്യിൽ, ജില്ലാ മത്സ്യഫെഡ് ഓഫീസർ പി.ഡി. ജോർജ്, ജോർജ് പള്ളിപ്പറമ്പിൽ, എഫ്ഡിഒ സൈജു, പ്രൊജക്ട് ഓഫീസർ അനുപമ, എം.ആർ. അശോകൻ, എം.എസ്. ജോസഫ്, ബോർഡ് മെമ്പർമാരായ കെ.ആർ. വിൻസെന്റ്, പി.ജെ. സേവ്യർ, വി.എൽ ജോൺസൻ, കെ.കെ. മധു, ഗ്രേസി ജോസഫ്, സരസ്വതി തമ്പി, ഐഷ ഗംഗാധരൻ, ഓമന ബെർളി എന്നിവർ പ്രസംഗിച്ചു.